# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8140** — **17/07/2014-ൽ മറുപടിക്ക്**

## ഡി.എച്ച്.എസിൽ മരുന്ന് കത്തിച്ച സംഭവം

**ചോദ്യം**

ശ്രീ. കെ. എസ്. സലീഖ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ മരുന്നുകൾ കൂട്ടിയിട്ട് കത്തിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റോർ ആയി പ്രവർത്തിച്ചിരുന്ന ഹാൾ വൃത്തിയാക്കുന്നതിനു വേണ്ടി അവിടെ ഉണ്ടായിരുന്ന പഴയതും ഉപയോഗശൂന്യവുമായ ടിന്നുകൾ, വീഞ്ഞപ്പെട്ടികൾ, ഹാർഡ് ബോർഡുകൾ, ഉടഞ്ഞ കുപ്പികൾ, പഞ്ഞി എന്നിവ ആരോഗ്യവകുപ്പിന്റെ തന്നെ ഗതാഗത വിഭാഗം പ്രവർത്തിക്കുന്ന വർക്ക് ഷോപ്പിന്റെ ഒഴിഞ്ഞ മൂലയിൽ ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ച് മൂടുകയാണ് ചെയ്തത്. |
| (ബി) | ലക്ഷങ്ങൾ വിലവരുന്ന ജീവൻ രക്ഷാ മരുന്നുകൾ തീയിട്ട് നശിപ്പിച്ചത് എന്തുകൊണ്ടെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ; | | |
| (സി) | ഇതിനായി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | | |
| (ഡി) | ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ അനുമതിയോ നിരീക്ഷണമോ ഉണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ഡി) | ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ അനുമതി ആവശ്യമുള്ള കാര്യമായിരുന്നില്ല. |
| (ഇ) | എന്തു വില വരുന്ന മരുന്നുകളാണ് കത്തിച്ചതെന്നും ഇത്രയധികം മരുന്നുകൾ ഉപയോഗശൂന്യമായതിന്റെ കാരണവും വ്യക്തമാക്കുമോ ; | (ഇ) | ബാധകമല്ല. |

| | | | |
|---|---|---|---|
| (എഫ്) | ഈ വിവരമറിഞ്ഞ് അവിടെയെത്തിയ ജനപ്രതിനിധികൾ ആരെല്ലാമെന്നും അവരെ തടഞ്ഞ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും തടഞ്ഞതിനു കാരണം എന്താണെന്നും വ്യക്തമാക്കുമോ ; | (എഫ്) | ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇക്കാര്യത്തെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ 28/06/2014-ന് ബഹു. എം.എൽ.എ. ശ്രീ. വി. ശിവൻകുട്ടി പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നതായി അന്നേ ദിവസം വർക്ക് ഷോപ്പിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സെക്യൂരിറ്റി ജീവനക്കാരൻ മൊഴി നൽകിയിട്ടുണ്ട്. ആ സമയം മാധ്യമ പ്രവർത്തകരും മറ്റു കുറച്ച് ആൾക്കാരും ഉണ്ടായിരുന്നതായും മൊഴി നൽകിയിട്ടുണ്ട്. |
| (ജി) | ഈ സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി സർക്കാരിനുണ്ടായ ലക്ഷങ്ങളുടെ നഷ്ടം അവരിൽ നിന്നും ഈടാക്കാനും ഇത്തരം പ്രവൃത്തികൾ മേലിൽ ഉണ്ടാകാതിരിക്കാനും നടപടികൾ സ്വീകരിക്കുമോ ? | (ജി) | ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. നടപടി ക്രമങ്ങളിൽ പാളിച്ചകളും ഉണ്ടായതായി കാണുന്നില്ല. തെറ്റായ മാധ്യമ റിപ്പോർട്ടുകളെ തുടർന്ന് ശരിയായ വസ്തുത കാണിച്ചുകൊണ്ടുള്ള പത്ര കുറിപ്പുകളും മാധ്യമ റിപ്പോർട്ടുകളും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ഒരു ഉന്നതതല അന്വേഷണത്തിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ